**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6409** **10-11-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ നിലവിൽ ഗവൺമെന്റ് ഐ.ടി.ഐ. ഇല്ലാത്ത സാഹചര്യത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഉണ്ട്, ഐ.ടി.ഐ സ്ഥാപിക്കുന്നതിന് പര്യാപ്തമായ സ്ഥലം ലഭ്യമാക്കാമെന്നും, സ്ഥലം ലഭ്യമായി ആയതിൽ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതുവരെ ഐ.ടി.ഐ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം, വൈദ്യുതി, ജലം, ഫർണിച്ചർ മുതലായവ സൗജന്യമായി ലഭ്യമാക്കാമെന്നുമുള്ള സമ്മതപത്രം തദ്ദേശ സ്വയം ഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്-ന്റെ (ഡി.ജി.റ്റി) നോംസ് പ്രകാരം പുതുതായി ഐ.ടി.ഐ ആരംഭിക്കുമ്പോൾ നാല് ട്രേഡുകളും, 8 യൂണിറ്റുകളും അഫിലിയേഷന് അത്യാവശ്യമാണെന്നും ആയതിൽ എഞ്ചിനീയറിംഗ് ട്രേഡ്, നോൺ എഞ്ചിനീയറിംഗ് ട്രേഡ്, ന്യൂ ഏജ് ട്രേഡ് എന്നിവ ഉൾപ്പെട്ടിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. മേൽപ്പറഞ്ഞവയാണ് പുതിയ ഐ.ടി.ഐകൾ ആരംഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ. |

സെക്ഷൻ ഓഫീസർ